LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികൾ

125 (4928) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികളിൽപ്പെട്ടുത്തി (ഒരുകളം പദ്ധതി ഒഴികെ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദ വിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥയുടെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ&ബി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇറിഗേഷൻ വകുപ്പിലെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

വൈപ്പിൻ എടവനക്കാട് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി

126 (4929) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിലെ ഉപഭോക്താക്കളുടെ ബാഹുല്യവും പ്രദേശത്തിന്റെ വ്യാപ്തിയും കണക്കിലെടുത്ത് എടവനക്കാട് കേന്ദ്രീകരിച്ച് പുതുതായി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;

(സി) അധിക ബാധ്യതയില്ലാതെ നിലവിലുള്ള ഓഫീസുകൾ പുനഃക്രമീകരിച്ചു കൊണ്ട് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാനുള്ള തീരുമാനമെടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.